കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

[www.lfa.kerala.gov.in](www.lfa.kerala.gov.in)

# കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

**2017-18**

# ഓഡിറ്റ് റിപ്പോർട്ട്

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

## എറണാകുളം ജില്ലാ കാര്യാലയം

**e-mail:email:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ-ഇ കെ എം (പി 13) 2260/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി. 13.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് – 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

*********************************

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്ത വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

.

നം കെ.എസ് .എ ഇ.കെ.എം (പി13 )2260/2018 തീയതി:13.12.2018

## <u>എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

. **എറണാകുളം** ജില്ലയിലെ **കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത്

01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ജയ.സി.ആർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2018 മുതൽ 16.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.എം.എസ്.ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷാരിമോൾ.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബെറ്റ്സി.സി.എക്സ്. | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി.രത്നമ്മ സുരേഷ് | 01.04.2017 | 31.03.2018 |

സെക്രട്ടറി

| പേര് | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |
| ശ്രീ.സി മണികണ്ഠൻ | 01.04.2017 | 19.05.2017 |
| ശ്രീമതി.ബീന ജോസഫ് (സെക്രട്ടറി -ഇൻ -ചാർജ്ജ്) | 20.05.2017 | 09.06.2017 |
| ശ്രീ.സി മണികണ്ഠൻ | 10.06.2017 | 09.08.2017 |
| ശ്രീ. എം.എ രാമൻകുട്ടി | 10.08.2017 | 31.03.2018 |

.

## നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |

| | | | |
|---|---|---|---|
| അസിസ്റ്ററന്റ് സെക്രട്ടറി | ശ്രീമതി.ബീന ജോസഫ് | 01.04.2017 | 31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത പി എൽ | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി.ശിൽപ തോമസ് | 01.04.2017 | 28.04.2017 |
| | ശ്രീമതി.ബെൽസി ബാബു | 29.04.2017 | 06.07.2017 |
| | ശ്രീമതി. ലതാ ഇ.വി | 07.07.2017 | 04.08.2017 |
| | ശ്രീമതി.ബെൽസി ബാബു | 05.08.2017 | 20.08.2017 |
| | ശ്രീമതി. ലതാ ഇ.വി | 21.08.2017 | 31.10.2017 |
| | ശ്രീ. ബോബൻ പോൾ | 01.11.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ജയസന്ധ്യ പി | 01.04.2017 | 12.08.2017 |
| | ഡോ. ബിന്ദു എൻ. ലാൽ | 13.08.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി കടുങ്ങല്ലൂർ) | ഡോ.ഷറീന എസ് | 01.04.2017 | 07.08.2017 |
| | ഡോ. പ്രശാന്തി | 08.08.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ബിനാനിപുരം) | ഡോ.രശ്മി | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സജിത വി എസ് | 01.04.2017 | 31.03.2018 |
| അസിസ്റ്ററന്റ് എഞ്ചിനീയർ | ശ്രീമതി.ലാലി കെ ജി | 01.04.2017 | 03.10.2017 |
| | ശ്രീമതി. സിന്ധു എസ് | 04.10.2017 | 31.03.2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.രഞ്ജിനി രാമൻ | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. രശ്മി | 01.04.2017 | 31.03.2018 |
| ഹെഡ് മാസ്റ്റർ(എൽ പി എസ്) | ശ്രീമതി.എം കെ ഉഷാകുമാരി | 01.04.2017 | 05.06.2017 |
| | ശ്രീ.ബാബു പോൾ പി | 06.06.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മുപ്പത്തടം) | ശ്രീമതി.ഫെബിന കെ എ | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടുങ്ങല്ലൂർ ) | ശ്രീ.വിജയ് വി ജി | 01.04.2017 | 05.07.2017 |
| | ശ്രീ. ലിജേഷ് ജോസഫ് | 06.07.2017 | 31.03.2018 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | തൊഴിൽ നികുതി രേഖകൾ ലഭ്യമല്ല. | 2-1 | |
| 14 | ഡി ആന്റ് ഒ ലൈസൻസ് രേഖകൾ ലഭ്യമല്ല | 2-2 | |
| 15 | വസ്തുനികുതി വരവിനത്തിലെ അപാകതകൾ -നഷ്ടം-7446/- രൂപ | 2-3 | |
| 16 | ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. | 2-4 | |
| | ഭാഗം 3 | | |
| 17 | ഉളിയന്നൂർ പി.എച്ച്.സി സബ്സെന്റർ അറ്റകുറ്റപ്പണികൾ- അധികം നല്കിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. | 3-1 | |
| 18 | സേവനനികുതിയിനത്തിൽ നല്കിയ തുക- തുക അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 3-2 | |
| 19 | ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വെയ്ക്കുന്നതിന് സ്ഥലം വാങ്ങൽ - അപാകതകൾ | 3-3 | |
| 20 | മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3-4 | |
| 21 | സെന്റേജ് ചാർജ് അധികം നൽകി | 3-5 | |
| 22 | ലോഗ്ബുക്ക് പരിപാലനം | 3-6 | |
| 23 | രേഖകൾ കൃത്യമാക്കാതെ ആനുകൂല്യം നൽകി | 3-7 | |
| 24 | കാർഷിക മേഖല പ്രൊജക്ടുകൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 | |

| | | | |
|---|---|---|---|
| 25 | അങ്കണവാടിക്കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. | 3-9 | |
| 26 | വയോജനങ്ങൾക്ക് കട്ടിൽ-നിർവ്വഹണത്തിലെ അപാകതകൾ | 3-10 | |
| | ഭാഗം 4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 38 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 | |
| | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |



.

## ഭാഗം -1
## പൊതു അവലോകനം
## പൊതു അവലോകനം

### 1-1 ബജറ്റ്

. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ ബജറ്റ് 22.03.2017 തിയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.03.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

.

| പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീയതി/ തീരുമാനം നമ്പർ/ തീയതി | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 25/05/2018 തീരുമാനം നം. 1 | 31.7.2018 | 02.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.6.2018 & 26.6.2018 | KSA-EKM (PG) 1786(23)/2018 dt. 30.08.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 2,42,39,374.44 |
| വരവ് | 10,74,75,257.00 |
| ആകെ | 13,17,14,631.44 |
| ചെലവ് | 10,36,34,251.00 |
| നീക്കിയിരിപ്പ് | 2,80,80,380.44 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19420148 | 19420148 | 18129632 | 0 | 1290516 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8729685 | 8729685 | 8725416 | 0 | 4269 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 28367 | 28367 | 1461 | 0 | 26906 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18151378 | 18151378 | 16690781 | 0 | 1460597 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5236228 | 5236228 | 5233378 | 0 | 2850 |
| ധനകാര്യ കമ്മീഷൻ അവാർഡ് (state വിഹിതം ) | 0 | 9338451 | 9338451 | 9332140 | 0 | 6311 |
| കെ. എൽ. ജി.എസ്. ഡി. പി | 0 | 238381 | 238381 | 238381 | 0 | 0 |
| സാക്ഷരത | 711.50 | 25 | 736.50 | 0 | 736.50 | 0 |
| ദുരിതാശ്വാസം എസ്.ബി.ടി. | 0 | 0 | 0 | 0 | 0 | 0 |
| എൻ ആർ.ഇ. ജി.എസ്. | 4235 | 979726 | 983961 | 980414 | 3547 | 0 |
| കൂലി ചെലവ് MGNREGS | 0 | 12368226 | 12368226 | 12368226 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാനിറ്റേഷൻ എസ്.ബി. ഐ. | 0 | 0 | 0 | 0 | 0 | 0 |
| ബഡ്സ് സ്കൂൾ ഫണ്ട് എസ്.ബി. ഐ. | 192092 | 216938 | 409030 | 295936 | 113094 | 0 |
| ജോയിന്റ് വെഞ്ചർ ട്രഷറി ടി.എസ്.ബി. | 0 | 8742700 | 8742700 | 8732731 | 9969 | 0 |
| ട്രഷറി ടി എസ് ബി-ജനറൽ പർപ്പസ് ഫണ്ട് | 4837072 | 12945000 | 17782072 | 16512847 | 1269225 | 0 |
| ഹഡ്കോ ഹൗസിംഗ് – യു.ബി.ഐ | 183865 | 8658 | 192523 | 0 | 192523 | 0 |
| സ്പെഷ്യൽ ടി.എസ്.ബി | 4284 | 0 | 4284 | 0 | 4284 | 0 |
| മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് | (-)0.20 | 0 | (-)0.20 | 0 | (-)0.20 | 0 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 0.14 | 0 | 0.14 | 0 | 0.14 | 0 |
| ഇ- റെമിറ്റൻസ് | 0 | 154489 | 154489 | 0 | 154489 | 0 |
| ബി. ഫണ്ട് | 0 | 261200 | 261200 | 261200 | 0 | 0 |
| തനത് ഫണ്ട്- എസ്.ബി.ഐ | 19017115 | 23915054 | 42932169 | 16910195 | 26021974 | 0 |

.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 306 | 55403392 | 242 | 35977185 | 7 | 57 | 79% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ട്</u>

1. മുപ്പത്തടം ന്യൂ പട്ടികജാതി സങ്കേതം സംരക്ഷണം- അടങ്കൽ 17,30,000/- – ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചെങ്കിലും, പ്രൊജക്ട് വെറ്റിംഗ് നടത്തി സാങ്കേതികാനുമതി ലഭ്യമാകാത്തതിനാൽ ഉപേക്ഷിച്ചു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4235 | 979726 | 983961 | 980414 | 3547 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 12368226 | 12368226 | 12368226 | 0 |
| ആകെ | 4235 | 13347952 | 13352187 | 13348640 | 3547 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 3360200 | 286 |
| വിധവാപെൻ ഷൻ | 18492800 | 1542 |
| വാർദ്ധക്യകാല പെൻഷൻ | 30446100 | 345 |
| ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4407000 | 365 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 451300 | 37 |
| വിവാഹ ധന സഹായം | 240000 | 8 |
| തൊഴിൽരഹിത വേതനം | 16200 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,149/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**<u>ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ</u>**

28.11.2017മുതലാണ് ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതിയിട്ടുള്ളത് . ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. പ്രതിദിന ഡ്യൂട്ടി കൈമാറ്റ വിവരം സാംഖ്യ, സൂചിക രസീത് നമ്പർ സഹിതം രേഖപ്പെടുത്തി ക്ളാർക്കുമാർ ഒപ്പ് വയ്ക്കുകയും ആയത് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ പരിശോധിച്ച് മേലൊപ്പ് വയ്ക്കുകയും ചെയ്യുന്നില്ല.

**<u>ഫ്രണ്ട് ഓഫീസ് ഡയറി</u>**

ഫ്രണ്ട് ഓഫീസ് ഡയറിയിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. സേവനം നൽകിയ തീയതി ചേർത്തിട്ടില്ല. 14.06.2018 മുതലാണ് ഫ്രണ്ട് ഓഫീസ് ഡയറി എഴുതിയിട്ടുള്ളത് . അതിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം സെക്ഷനിലേക്ക് കൈമാറുന്നതിലും, എത്തിയ തപാലുകൾ കൃത്യമായി തീർപ്പാക്കുന്നതിലും കാലതാമസം വരുന്നുണ്ട്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച്, ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**<u>ഗ്രാമസഭ</u>**

2017-18 ൽ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും 04/2017, 07/2017, 11/2017, 02/2018 എന്നീ മാസങ്ങളിലായി 4 തവണ വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ മിക്കവാറും എല്ലാംതന്നെ ക്വാറം തികഞ്ഞുതന്നെയാണ് കൂടിയിരിക്കുന്നതും. ഗ്രാമസഭകളിൽ ചർച്ചകൾ സജീവമായി നടക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2017 മുതൽ 17.10.2017 വരെ | 7/2018മുതൽ 9/2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2017 മുതൽ 08.01.2018 വരെ | 2012-13മുതൽ 2016-17 വരെ | 02.03.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വിശദമായ ഓഡിറ്റ് പരിശോധന വേളയിൽ 2017-18 വാർഷിക അക്കൗണ്ട്സിൽ താഴെപ്പറയുന്ന അപാകതകൾ കൂടി കാണുന്നു.

1. 2017-18 വർഷം വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് നല്കിയ 12,43,233/- രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപ്പത്രം ലഭിച്ചിട്ടില്ല. അതേസമയം ടി തുക ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ കാണിച്ചിട്ടുമില്ല.

2.31.03.2017-ൽ ലിറ്ററസി സ്കീം ഗ്രാന്റ് ഇനത്തിൽ 687.50 രൂപ നീക്കിയിരുപ്പുണ്ടായിരുന്നു എന്ന് 2016-17 ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിലും, 2017-18 ട്രയൽ ബാലൻസിലും കാണുന്നു. ഈയിനത്തിൽ 2017-18 -ൽ 25/- രൂപയാണ് വരവ്. എന്നാൽ 31.03.2018-ൽ 736.50 രൂപയാണ് നീക്കിയിരുപ്പെന്ന് ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ കാണുന്നു. ഇത് പൊരുത്തപ്പെടുന്നില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി രേഖകൾ ലഭ്യമല്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടേയും പേരുവിവരങ്ങൾ (വാർഡ് അടിസ്ഥാനത്തിൽ ശേഖരിച്ചത്) അടങ്ങിയ *രജിസ്റ്റർ*, നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേരുവിവരങ്ങൾ അടങ്ങിയ *അസസ്സ്മെന്റ് രജിസ്റ്റർ* (1996 ലെ കേരള പഞ്ചായത്ത് രാജ്, നികുതി ചുമത്തലും ഈടാക്കലും അപ്പീലും ചട്ടങ്ങൾ 5 ലെ മാതൃകയിലുള്ളത്) മുതലായവ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററുകളുടെ അഭാവത്തിൽ തൊഴിൽനികുതിയിനത്തിലുള്ള വരുമാനത്തിൽ കറവ് വന്നിട്ടുണ്ടോയെന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ രേഖകളെല്ലാം പഞ്ചായത്തിൽ നിയമാനുസരണം സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് രേഖകൾ ലഭ്യമല്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാലും എല്ലാ വർഷവും പുതുതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് പുതുക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കാത്തതിനാലും, ലൈസൻസില്ലാതെ എത്ര സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നുവെന്നും അതുമൂലം ലൈസൻസിനത്തിലുള്ള വരുമാനത്തിൽ എത്ര കുറവ് വന്നുവെന്നും ഓഡിറ്റിൽ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഭൂരിഭാഗം ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. ഡി & ഒ ലൈസൻസ് പുതുക്കൽ ഫീൽഡ് പരിശോധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ രേഖകളെല്ലാം പഞ്ചായത്തിൽ യഥാവിധി സൂക്ഷിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി വരവിനത്തിലെ അപാകതകൾ -നഷ്ടം-7446/- രൂപ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്ക്കരണത്തിനുള്ള വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 45/- രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60/- രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 45/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നം | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി 60 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി 45 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|---|
| 1. | ഹസീബ് റഹ്മാൻ മുല്ലപ്പിള്ളി, കുഞ്ഞുണ്ണിക്കര. | 7/65 T | 50.76 | 5802.00 | 4351.00 | 1451.00 |
| | | 7/65 R | 52.26 | 5972.00 | 4479.00 | 1493.00 |
| 2. | മുഹമ്മദ് റിയാസ് മുല്ലപ്പിള്ളി, കുഞ്ഞുണ്ണിക്കര. | 7/65 S | 52.26 | 5972.00 | 4479.00 | 1493.00 |
| | | 7/65Q1 | 50.76 | 5802.00 | 4351.00 | 1451.00 |
| 3. | സിയാദ്, ആശാരി അകത്തൂട്ട്, കുഞ്ഞുണ്ണിക്കര. | 7/571 H | 52 | 3114.00 | 2335.00 | 779.00 |
| | | 7/571G | 52 | 3114.00 | 2335.00 | 779.00 |
| | ആകെ | | | | | 7446.00 |

മേൽപ്പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും മുൻവർഷങ്ങളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കാതിരുന്നതുമൂലം കുടിശ്ശികയായി നികുതി ഈടാക്കാനുണ്ടെങ്കിൽ ആ തുക കൂടി ഈടാക്കേണ്ടതാണ്. സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അവയുടെ നികുതി ഉയർന്ന നിരക്കിൽ പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ കൃഷിഓഫീസർക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ച രസീത് ബുക്ക് (നം.10276-) ലെ 47-ാം നമ്പരായി കുഞ്ഞിക്കൊച്ച, ആസിയ മൻസിൽ,എരമം എന്നയാൾ 19.02.2018 -ൽ ₹1000/- അടവ് വരുത്തിയിരിക്കുന്നതിന്റെ രസീത് ക്യാൻസൽ ചെയ്തിരിക്കുന്നതായി കാണുന്നു. എന്നാൽ ആ രസീതിന്റെ പകർപ്പ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. രസീത് ക്യാൻസൽ ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും, ഓഡിറ്റിനായി ഈ രേഖ ലഭ്യമാക്കേണ്ടതും ലഭ്യമാക്കാതിരുന്നതിന്റെ വിശദീകരണം നൽകേണ്ടതുമാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ഉളിയന്നൂർ പി.എച്ച്.സി സബ്സെന്റർ അറ്റകുറ്റപ്പണികൾ- അധികം നല്കിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഉളിയന്നൂർ പി.എച്ച്.സി സബ്സെന്റർ അറ്റകുറ്റപ്പണികൾ |
| പ്രൊ.നമ്പർ | എസ് 81/17 |
| അടങ്കൽ തുക | 10,00,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.ഉസ്മാൻ കെ.പി |
| എഗ്രിമെന്റ് നമ്പർ-തീയതി | 47/AE/LSGD/16-17 Dtd. 23.01.2017 |
| എഗ്രിമെന്റ് തുക | 8,53,636/- |
| എം- ബുക്ക് നമ്പർ | AEE/57/16-17, AEE/63/16-17 |
| | |

| | |
|---|---|
| ആകെ ചെലവ് | 8,21,678/- (ട്രഷറിബിൽ നം. 69/17-18 , തീയതി. 23.08.2017) |

ഉളിയന്നൂർ പി.എച്ച്.സി സബ്സെന്ററർ അറ്റകുറ്റപ്പണികൾ എന്ന ഈ പ്രൊജക്ടിൽ താഴെപ്പറയുന്ന ഇനത്തിൽ ചെയ്ത പ്രവൃത്തിയേക്കാൾ കൂടുതൽ അളവിന് ഫൈനൽ ബില്ലിൽ തുക നല്കിയതായി കാണുന്നു.

| ഇനം നം. | പ്രവൃത്തിയിനം | അളവ് പുസ്തകപ്രകാരം ചെയ്ത അളവ് | ഫൈനൽ ബിൽ പ്രകാരം നല്കിയ അളവ് | വ്യത്യാസം | ഫൈനൽ ബിൽ പ്രകാരം നല്കിയ തുക | ചെയ്ത പ്രവൃത്തിക്ക് നല്കാവുന്ന തുക | അധികം നല്കിയ തുക (1897/m2) |
|---|---|---|---|---|---|---|---|
| 14 | Providing and laying Vitrified tiles.. | 60.091 m2 (Pages from 33 to 36 of MB 57/16-17) | 66.091 m2 (Page. 9 of 63/16-17) | 6 m2 | 66.091 m2 X 1897/m2= 1,25,375 | 60.091 m2 X 1897/m2= 1,13,993 | 6 X 1897/m2= 11,382/- |

മേൽപ്പറഞ്ഞപ്രകാരം 11,382/- രൂപ അധികം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവിനേക്കാളുപരി ഫൈനൽ ബില്ലിൽ കൂടുതലായി നല്കിയ **11,382/-** രൂപ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

2. ടി പ്രവൃത്തിയിൽ താഴെപ്പറയുന്ന വിവിധ ഇനങ്ങൾക്ക് എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കാണ് ഫൈന്ല ബില്ലിൽ നല്കിയതായി കാണുന്നത്.

| ഇനം | ടെൻഡർ എഗ്രിമെന്റ് പ്രകാരം ചെയ്യേണ്ട അളവ് | അളവ് പുസ്തകപ്രകാരം ആകെ ചെയ്ത പ്രവൃത്തി യുടെ അളവ് | ഫൈനൽ ബിൽ പ്രകാരം നല്കിയ പ്രവൃത്തിയുടെ മൂല്യം | എഗ്രിമെന്റ് പ്രകാരം നല്കാവുന്ന പ്രവൃത്തി മൂല്യം | അധികം നല്കിയ തുക |
|---|---|---|---|---|---|
| 9 | 0.7980 | 0.839 | 0.839X105000= 88095 | 0.7980X105000= 83790 | 4305 |
| 10 | 193.3350 | 234.48 | 234.48 X101= 23682 | 193.3350 X101= 19527 | 4155 |
| 11 | 7.9360 | 8.1475 | 8.1475X3400=27702 | 7.9360 X3400= 26982 | 720 |
| | | | | | 9180 |

മേൽപ്പറഞ്ഞപ്രകാരം കരാറുകാരന് എഗ്രിമെന്റ് നിരക്കിൽ അധികരിച്ച് നല്കിയതുമൂലം 9180/-രൂപ അധികം നല്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിക്കു് മറുപടി നല്കിയില്ല. ഇപ്രകാരം അധികം ചെലവായ തുക 9180/- രൂപയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കരാറുകാരനുമായി എഗ്രിമെന്റ് വെച്ച ശേഷം പ്രവൃത്തിയുടെ ഇനങ്ങളുടെ അളവിൽ മാറ്റം വരുത്തുന്ന പക്ഷം, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ആദ്യ എസ്റ്റിമേറ്റിന് അംഗീകാരം നല്കിയ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതും, അധികം പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്.

## 3-2 സേവനനികുതിയിനത്തിൽ നല്കിയ തുക- തുക അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബില്ലിനൊപ്പം സേവനനികുതിയിനത്തിൽ കരാറുകാർക്ക് തുക നല്കിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തി മൂല്യം | നിയമാനുസൃത നികുതികൾ കുറവ് വരുത്തിയത് | ആകെ | സേവന നികുതി | കരാറുകാരന് ആകെ നല്കിയ തുക | ട്രഷറിബിൽ നം./ തീയതി. |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | പി.എച്ച്.സി ബിനാനിപുരം, ആയുർവേദ ഡിസ്പെൻസറി കടുങ്ങല്ലൂർ, പി.എച്ച്.സി സബ്സെന്ററർ കടുങ്ങല്ലൂർ എന്നിവയുടെ അറ്റകുറ്റപ്പണികൾ, പ്രൊ.നമ്പർ.എസ് 199/17 | 762535 | 45,751 | 716784 | 75,262 | 792046 | 9/17-18 , തീയതി. 10.07.2017 |
| 2 | ഉളിയന്നൂർ പി.എച്ച്.സി സബ്സെന്ററർ അറ്റകുറ്റപ്പണികൾ പ്രൊ.നമ്പർ.എസ് 81/17 | 821678 | 57,518 | 764160 | 45,850 | 810010 | 69/17-18 , തീയതി. 23.08.2017 |
| | ആകെ | | | | 121112 | | |

എന്നാൽ സേവനനികുതിയിനത്തിൽ കരാറുകാർക്ക് നല്കിയ തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ചതിന്ററെ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ ആകെ തുക 121112/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വെയ്ക്കുന്നതിന് സ്ഥലം വാങ്ങൽ - അപാകതകൾ

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വെയ്ക്കുന്നതിനായി 2011-2012 വർഷത്തിൽ മുപ്പത്തടം ന്യൂ പട്ടികജാതി കോളനിയിൽ വാങ്ങിയ 30 സെന്റ് ഭൂമിയുടെ സൈഡ് കെട്ടി സംരക്ഷണത്തിനുവേണ്ടി 2017-18 സാമ്പത്തികവർഷം 17,30,000/- രൂപ തനത് ഫണ്ട് വകയിരുത്തി പ്രൊജക്ട് (പ്രൊജക്ട് നമ്പർ. SO 283/18 ) ആവിഷ്ക്കരിച്ചിരുന്നു. മേൽ പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കാത്തതുകൊണ്ട് 16.03.2018 ലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനപ്രകാരം പ്രൊജക്ട് ഉപേക്ഷിച്ചു. ഈ ഭൂമി വാങ്ങൽ പദ്ധതിയെയും, മറ്റ് അനുബന്ധ പ്രവൃത്തികളെയും സംബന്ധിച്ച സംഗതികളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കുകയും, ആയതിന് ലഭിച്ച മറുപടിയുടെയും ടി സ്ഥലം സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 2011-2012 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഭൂരഹിതരായ 10 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി നല്കുന്നതിന് വേണ്ടിയാണ് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി എസ്.സി.പി. ഫണ്ടിൽനിന്ന് 15ലക്ഷം രൂപ ചെലവഴിച്ച് എസ് 0148/12 എന്ന പ്രൊജക്ട്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. ഈ പദ്ധതി പ്രകാരം കടുങ്ങല്ലൂർ വില്ലേജിലെ സർവ്വേ നം. 164/7 ബ്ലോക്കിൽപ്പെട്ട 35 സെന്റ് (14.16 ആർ) സ്ഥലത്തിൽ 30 സെന്റ് ശ്രീ. ടി.സി അവറാച്ചൻ എന്നയാളിൽ നിന്ന് 10 ഗുണഭോക്താക്കളുടെ പേരിൽ ആധാരമാക്കി വാങ്ങി. സെന്റിന് 50, 000/- രൂപ വീതം ഒരു ഗുണഭോക്താവിന് 3 സെന്റ് സ്ഥലത്തിന് 1.5 ലക്ഷം രൂപയാണ് ആധാരപ്രകാരം വിലയിട്ട് വാങ്ങിയത്. അങ്ങനെ 10 ഗുണഭോക്താക്കൾക്കും കൂടി 15 ലക്ഷം രൂപയാണ് ആകെ ചെലവാക്കിയത്. (DD No. 019833/03.04.12, Try.BillNo.13/VEO/MPM/12 Dtd. 29.03.2012)

2. ഈ ഭൂമി വാങ്ങലിന് GO (MS) 451/E1/11/SCSTDD dtd. 16.03.2011 ലെ ഉത്തരവ് വഴി സർക്കാർ അനുമതി നല്കിയിരുന്നു.

3. എന്നാൽ ഈ സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് ടി ഭൂമി ഭൂനിരപ്പിൽ നിന്ന് താഴെയായതിനാലും, സ്ഥിരമായി വെള്ളക്കെട്ട് അനുഭവപ്പെടുന്നതിനാലും, അവിടെ ഭവനനിർമ്മാണം സാദ്ധ്യമല്ല എന്ന കാരണത്താൽ പഞ്ചായത്തിൽ കുത്തിയിരുപ്പ് - ഉപരോധ സമരങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹു.എറണാകുളം ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ സമരസമിതിയുമായി ചർച്ച നടത്തി ടി 10 ഗുണഭോക്താക്കൾക്കും കേരള സർക്കാരിന്റെ ലൈഫ് ഭവനനിർമ്മാണപദ്ധതിയിൽ ഏറ്റവും മുൻഗണന നല്കി സ്ഥലവും, വീടും അനുവദിക്കാമെന്നും, നിലവിൽ അവരുടെ

പേരിലുള്ള സർവ്വേ നം. 164/7 ബ്ലോക്കിൽപ്പെട്ട 3 സെൻറ് സ്ഥലം പഞ്ചായത്തിന് സറണ്ടർ ചെയ്യണമെന്നും തീരുമാനമായി. ഇതിൻറെ അടിസ്ഥാനത്തിൽ ഈ 10 ഗുണഭോക്താക്കളെയും പഞ്ചായത്തിൻറെ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ സമിതിയുടെ അംഗീകാരവും വാങ്ങിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് വേറെ സ്ഥലം കണ്ടെത്തി നല്കാനുള്ള നടപടികൾ നടന്നുവരുന്നു. ഈ ക്രയവിക്രയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ WP(C) 6700/2014 നമ്പറായും, വിജിലൻസ് വകുപ്പിൽ VC/9/15/EKM നമ്പറായും കേസുകൾ നിലവിലുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. 2011-12 മാർച്ച് മാസത്തിൽ ഈ ഭൂമി വാങ്ങിയത് ശ്രീ . ടി.സി. അവറാച്ചൻ എന്ന വ്യക്തിയിൽ നിന്നാണ്. ആവശ്യമായ അന്വേഷണങ്ങളോ, നടപടി ക്രമങ്ങളോ പാലിക്കാതെയോ ആണ് ഭൂമി വാങ്ങിയത് എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. ഭൂമിയുടെ ഉടമസ്ഥനായ ശ്രീ.അവറാച്ചൻ 21.03.2012-ൽ മുപ്പത്തടം കരയിൽ കാട്ടിപ്പറമ്പിൽ കുട്ടൻ, ടിയാളുടെ മക്കളായ സത്യൻ, സുന്ദരൻ, സുരേഷ്,വിമല എന്നിവരുടെ പക്കൽ നിന്ന് മേൽപ്പറഞ്ഞ 14.16 ആർ വസ്തു 3,54,000/- രൂപയ്ക്ക് വാങ്ങിയതായി കാണുന്നു. (ആധാരം രജി. നം. 1459/2012 തീയതി. 21.3.2012). അതേദിവസംതന്നെയാണ് ശ്രീ.അവറാച്ചൻ പഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റിലെ 10 പേരിൽ നിന്നും 50,000/- രൂപ മുൻകൂർ കൈപ്പറ്റി അഡ്വാൻസ് കരാർ ചമച്ചതായി കാണുന്നത്. 29.03.2012 ൽ ശ്രീ അവറാച്ചന് വികസനഫണ്ടിൽ നിന്ന് 15,00,000/- രൂപ മുപ്പത് സെൻറ് സ്ഥലത്തിന് മൊത്തം വില നല്കി 10 ഗുണഭോക്താക്കളുടെയും പേരിൽ ആധാരം രജിസ്റ്ററാക്കി നല്കിയിട്ടുമുണ്ട്. (ആധാരം നമ്പറുകൾ: 1577/12 dtd. 28.3.2012, 1578/12 Dtd. 28.3.2012, 1581/12 Dtd. 28.03.2012,1586/12 Dtd.28.03.2012 Etc).

ഇതിൽ നിന്ന് വ്യക്തമാകുന്നത് 21.03.2012 -ൽ 3,54,000/- രൂപയ്ക്ക് വാങ്ങിയ 35 സെൻറ് ഭൂമിയിൽ നിന്ന് അതേവർഷം അതേമാസം തന്നെ 30 സെൻറ് ഭൂമി പഞ്ചായത്തിൻറെ 10 ഗുണഭോക്താക്കൾക്ക് നല്കിയത് 15,00,000/- രൂപയ്ക്കാണ് എന്നത് ഈ ഭൂമി ക്രയവിക്രയം സുതാര്യമല്ലെന്നും, പദ്ധതിപ്പണം ചെലവഴിക്കാനുള്ള തിരക്ക് കാണിച്ചതുമൂലം ശരിയായ വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല എന്നുമാണ്.

5. ഗുണഭോക്താക്കൾ തെരഞ്ഞെടുത്ത സ്ഥലം വാസയോഗ്യമാണോ, അവിടെ നിർമ്മാണപ്രവൃത്തികൾ നടത്താനാവുമോ എന്ന് പ്രാഥമികമായിപ്പോലും പരിശോധന നടത്തിയതായി ലഭ്യമായ ഫയലുകളിൽ കാണുന്നില്ല. അതേസമയം ഈ വസ്തു നിലമാണെന്നും, ഡാറ്റാ ബാങ്കിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതാണെന്നും, നിലം നികുത്തി ടി പ്രദേശത്ത് വീട് വെയ്ക്കുക അപ്രയോഗികമാണെന്നും, കടുങ്ങല്ലൂർ വില്ലേജ് ഓഫീസർ കളക്ടറുടെ മീററിംഗിൽ അറിയിച്ചിരുന്നു. എന്നാൽ ഈ സ്ഥലം വാങ്ങുന്ന വേളയിൽ എന്തുകൊണ്ട് പഞ്ചായത്തോ നിർവ്വഹണോദ്യോഗസ്ഥനോ വില്ലേജ് ഓഫീസറിൽ നിന്ന് ഭൂമിയുടെ ഉപയോഗയോഗ്യത സംബന്ധിച്ച് റിപ്പോർട്ട് വാങ്ങിയില്ല എന്നതും പരിശോധിക്കേണ്ടതാണ്.

6. ഈ ഭൂമി വാങ്ങൽ പദ്ധതിയുടെ നിർവ്വഹണത്തിൽ 2005- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിയലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗൗരവമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നു.

7. കളക്ടറുടെ മീറ്റിംഗിലെ തീരുമാനപ്രകാരം ടി പത്തു ഗുണഭോക്താക്കൾക്കും പുതിയ ഭൂമി കണ്ടെത്തി കൊടുക്കുവാനും, ലൈഫ് മിഷനിൽ ഉൾപ്പെടുത്തി അവർക്ക് വീട് നിർമ്മിച്ച് നല്കുവാനും തീരുമാനമെടുത്ത പ്രകാരം നടപടികൾ ആരംഭിച്ചുവെങ്കിലും, ആയത് ഇതുവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

8. എന്നാൽ ഇപ്രകാരം സ്ഥലം കണ്ടെത്തിക്കഴിഞ്ഞ് ഗുണഭോക്താക്കളെ പുനരധിവസിപ്പിച്ചു കഴിഞ്ഞാൽ അവരുടെ പേരിൽ ആദ്യം രജിസ്റ്ററാക്കി നല്കിയ സ്ഥലങ്ങൾ പഞ്ചായത്തിന് സറണ്ടർ ചെയ്ത് നല്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇപ്രകാരം ടി സ്ഥലങ്ങൾ പഞ്ചായത്തിന് സറണ്ടർ ചെയ്ത് ലഭിച്ചെന്ന് ഉറപ്പുവരുത്തുകയും, ആയത് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തി സ്ഥലം അന്യാധീനപ്പെട്ട് പോകാതിരിക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ ജാഗരൂകമായ ഇടപെടൽ ഉണ്ടാകണമെന്നും ശ്രദ്ധയിൽപ്പെടുത്തുന്നു.

9. ഈയൊരു സാഹചര്യത്തിൽ നിലവിൽ പഞ്ചായത്തിന്റെ ആസ്തി അല്ലാതിരുന്നിട്ടുപോലും ഈ ഭൂമിയിൽ സൈഡ് കെട്ടി സംരക്ഷണത്തിനുവേണ്ടി 2017-18 വർഷം 17,30,000/- രൂപ വികസനഫണ്ടിൽനിന്ന് വകയിരുത്തി ആസൂത്രണസമിതി അംഗീകാരം വാങ്ങിയ പ്രൊജക്ട് " സാങ്കേതികാനുമതി ഇല്ലാത്തതിനാൽ ഉപേക്ഷിച്ചു " എന്നാണ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രാദേശികപരിശോധയിൽ ഈ ഭൂമിയിൽ മണ്ണിട്ടുയർത്തി സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് സാങ്കേതികാനുമതി ലഭിക്കുക എന്നതുപോലും എളുപ്പമല്ല എന്നാണ് കാണുന്നത്.

പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് ശരിയായ രീതിയിൽ വിനിയോഗം നടത്തുക എന്നതും, അതിന് ഉചിതമായ പദ്ധതികൾ മാത്രം ആവിഷ്ക്കരിക്കുക എന്നതും പഞ്ചായത്ത് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പ്രാഥമികച്ചുമതലകളാണ് എന്ന വസ്തുത സവിശേഷശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.ക്ക് 12.06.2017 ൽ ചെക്ക് നമ്പർ 812053 പ്രകാരം₹ 315000/- രൂപ നൽകിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് 21വാർഡുകളിലായി ₹ 15000/- വീതമാണ് ഇതിലൂടെ ചെലവാക്കിയിട്ടുള്ളത്. എന്നാൽ പല വാർഡുകളിലും പ്രവൃത്തി നടപ്പാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.2) II,III IV,V, VI,XVI, XVII, XVIII എന്നീ വാർഡുകളിൽ നടത്തിയ പ്രവൃത്തികളുടെ വിനിയോഗ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ശേഷിക്കുന്ന 13 വാർഡുകളുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ രംഗത്ത് പ്രാധാന്യമർഹിക്കുന്ന ഒരു പ്രവൃത്തിയാണ് മഴക്കാല പൂർവ്വ ശുചീകരണം. മാലിന്യങ്ങളും, വെള്ളവും കെട്ടിക്കിടന്ന് മഴക്കാലത്ത് രോഗങ്ങൾ പടർന്ന്പിടിക്കാനുള്ള സാധ്യത മുന്നിൽക്കണ്ടുകൊണ്ട്, അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാനായി നടത്തുന്ന ശുചീകരണ പ്രവൃത്തികൾ കൃത്യമായി മോണിറ്റർ ചെയ്യുക എന്നത് പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രാഥമിക ചുമതലയാണ്. എന്നാൽ ഇവിടെ അത്തരം മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നതാണ് രേഖകളുടെ അഭാവം വ്യക്തമാക്കുന്നത്. തുകയുടെ വിനിയോഗ വിവരങ്ങളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 13 വാർഡുകൾക്ക് നൽകിയ ₹195000/- (13 X 15000 =195000/-) തടസ്സപ്പെടുത്തുന്നു.

## 3-5 സെന്റേജ് ചാർജ് അധികം നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്റ്റിൽ ( പ്രോജക്റ്റ് നമ്പർ 12/18) 590000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ളൈ ഡിവിഷൻ, KWA, കൊച്ചി പേർക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ വർക്കിംഗ് കോസ്റ്റ്, മെറ്റീരിയൽ കോസ്റ്റ് എന്നിവയ്ക്കായി താഴെ പറയും വിധം ചെലവുണ്ട്.

വർക്കിംഗ് കോസ്റ്റ് 442492.61

മെറ്റീരിയൽ കോസ്റ്റ് 78019.20

ആകെ 520511.81

പി.ഡബ്ല്യു.ഡി മാന്വൽ 1601.4 പ്രകാരം ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. പി.ഡബ്ല്യു.ഡി മാന്വൽ കെ.ഡബ്ല്യു.എ.യ്ക്ക് ബാധകമാണ്. ആയതിനാൽ 10% (52051) ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. ഈ വേലയിൽ 65063.98 സെന്റേജ് ചാർജായി നൽകിയിട്ടുണ്ട്. സെന്റേജ് ചാർജിനത്തിൽ 13012.98 (65063.98 – 52051 =13012.98) = 13013 അധികം നൽകി. സെന്റേജ് ചാർജ് ഇനത്തിൽ

അധികം നൽകിയ തുക തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവുകൾക്കനുസൃതമായി മാത്രം ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സെന്റേജ് ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ലോഗ്ബുക്ക് പരിപാലനം

കടുങ്ങല്ലൂർ പഞ്ചായത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 3 വാഹനങ്ങളുടെയും ലോഗ്ബുക്ക് പരിപാലനം തൃപ്തികരമല്ല. KL 42B 246 നമ്പർ വാഹനത്തിന്റെ ലോഗ്ബുക്കിൽ വാഹനത്തെ സംബന്ധിച്ച വിവരങ്ങൾ (Type of vehicle, Registration No.) രേഖപ്പെടുത്തിയിട്ടില്ല. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. 09.08.2017 വരെ യാത്രകളുടെ വിവരം ലോഗ്ബുക്കിൽ കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. KL41 E 5472 , KL07-U 9306 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്കിലും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ രേഖപ്പെടുത്തലുകളോ, കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലുകളോ ഇല്ല. ലോഗ്ബുക്കിലെ 12, 13, 14 കോളങ്ങൾ അപൂർണ്ണമാക്കിയാണ് സൂക്ഷിച്ചിട്ടുള്ളത്. ലോഗ്ബുക്ക് കൃത്യതയോടെ പരിപാലിക്കേണ്ടതാണ്.

## 3-7 രേഖകൾ കൃത്യമാക്കാതെ ആനുകൂല്യം നൽകി

ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ, കടുങ്ങല്ലൂർ 2017-18 ൽ എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (പ്രോജക്റ്റ് നം., 35/18), എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ (പ്രോജക്റ്റ് 36/18) എന്നിങ്ങനെ രണ്ട് പ്രോജക്റ്റുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതുവഴി 72 വിദ്യാർത്ഥികൾക്ക് ഫർണിച്ചറും 38 വിദ്യാർത്ഥികൾക്ക് സൈക്കിളും നൽകിയിട്ടുണ്ട്. എന്നാൽ ഈ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്ന് ഇതേ സഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കാതെയാണ് സഹായം നൽകിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുമ്പോൾ, ഒരു ഗുണഭോക്താവിന് ഒരേ ആനുകൂല്യം ഒന്നിലധികം തവണ ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 കാർഷിക മേഖല പ്രൊജക്റ്റുകൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസറുടെ 2017-18 വർഷത്തെ പദ്ധതികൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. പാടശേഖരസമിതികൾക്കായി 151900/- രൂപ വികസനഫണ്ടിൽ നിന്നും ചെലവ് ചെയ്ത് പവർടില്ലർ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ സൂക്ഷിക്കാതെ പാടശേഖരസമിതിക്ക് കൈമാറി.

3. പദ്ധതി നം. 219/17-18 (എസ്.സി.) വാഴക്കൃഷി വികസനത്തിന് സബ്സിഡിയായി 109710/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളിൽ നിന്നും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല. പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർബന്ധമായും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിയ്ക്കേണ്ടതാണ്.

4. കൃഷി ഓഫീസറുടെ വിവിധ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്ഥാപനങ്ങൾക്ക് നൽകിയത് സംബന്ധിച്ച മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൈപ്പറ്റു രസീതുകളും, ബില്ലുകളും കൃത്യമായി ഫയലിൽ സൂക്ഷിയ്ക്കേണ്ടതാണ്.

   പദ്ധതികളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെയും മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്.

.

### 3-9 അങ്കണവാടിക്കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 36 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയിൽ 19 എണ്ണം സ്വന്തം കെട്ടിടത്തിലും, 15 എണ്ണം വാടക കെട്ടിടങ്ങളിലും, 2എണ്ണം വാടകയില്ലാതെയും പ്രവർത്തിയ്ക്കുന്നു. 22-3-2011ലെ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ. സർക്കാർ പരിപത്രം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ എല്ലാ വർഷവും മെയ് 10 നകം വാടകകെട്ടിടങ്ങൾ ഉൾപ്പെടെ എല്ലാ അങ്കണവാടികളും സന്ദർശിയ്ക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായതിനാൽ കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.

### 3-10 വയോജനങ്ങൾക്ക് കട്ടിൽ- നിർവ്വഹണത്തിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2017-18 വർഷം നിർവ്വഹിച്ച പദ്ധതി നം. 307/ 17-18 പ്രകാരം "നവീന ഫർണീച്ചറിൽ" നിന്നും 91കട്ടിലുകൾ 3974/- രൂപ നിരക്കിൽ ആകെ 361634/- രൂപ ചെലവഴിച്ച് വാങ്ങി. എന്നാൽ 87കട്ടിലുകൾ മാത്രമെ ഉപഭോക്താക്കൾക്കു നൽകിയിട്ടുള്ളു. ബാക്കി 4 കട്ടിലുകൾ ഓഫീസിൽ സൂക്ഷിച്ചിരിയ്ക്കുന്നു. പദ്ധതി ആവിഷ്ക്കരിച്ചതിലും, ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും, പദ്ധതി നടത്തിപ്പിലും കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം ഉണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേകമായ ശ്രദ്ധ ഇക്കാര്യത്തിൽ ആവശ്യമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 40,00,000 | ഭവനനിർമ്മാണം (ജനറൽ) S052/2018 | 0 | 40,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20,00,000 | ഭവനനിർമ്മാണം (എസ്.സി.പി) S0325/2018 | 0 | 20,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3,60,000 | S073/2018 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | പെയിൻ & പാലിയേറ്റീവ് S021/2018 | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 52,700 | S0166/2018 നെൽക്കൃഷി വികസനം | 52,700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,30,000 | S073/2018 ഭിന്ന ശേഷിയുള്ള | 3,30,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | S056/2018 പാലിന് സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 18,00,000 | ഭവനനിർമ്മാണം (ജനറൽ) S052/2018 | 0 | 18,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക് നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | പ്രൊ. നം.12/18 | 5,90,000 | 0 | 5,90,000 |
| കെ.എസ്.ഇ.ബി | പോസ്ററ് മാറ്റി സ്ഥാപിക്കൽ | പ്രൊ. നം.62/18 | 5552 | 0 | 5552 |
| കെ.എസ്.ഇ.ബി | പോസ്ററ് മാറ്റി സ്ഥാപിക്കൽ | പ്രൊ. നം.13/18 | 100055 | 0 | 100055 |
| കെ.എസ്.ഇ.ബി | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | പ്രൊ. നം.63/18 | 3066 | 0 | 3066 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | പ്രൊ. നം.11/18 | 181050 | 0 | 181050 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | പ്രൊ. നം.11/18 | 363510 | 0 | 363510 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ (ആർ.ടി) 564/2010/ ത.സ്വ.ഭ.വ | 11707500 | 3037967 | 1150000 | 0 | 1887967 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8325422 |
| തൻവർഷം നിക്ഷേപിച്ച തുക | 509876 |
| ആകെ | 8835298 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8835298 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ് .ബി.ഐ, മുപ്പത്തടം A/c No. 67320155512 | 8835298 |
| ആകെ | 8835298 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 13,163/- രൂപയുടെ ഓഡിറ്റ് റിക്കവറി ഓഡിറ്റ് കാലയളവിലുണ്ടായിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2015-16 | 2-3 | 10,000 | ഷാജിതാ അലി | 117150103628/20.09.2017 |
| 2015-16 | 2-4 | 3,163 | ഏ.പി.ജയകുമാർ | 117150101014/16.05.2017 |
| | ആകെ | 13,163 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1997-98 | 19-1 | 2004-05 | 15 | മരുന്ന് വാങ്ങിയതിലെ അപാകത | ഡോ.സില്ല ജെയിംസ് | 5500/-(തുക ഈടാക്കിയിട്ടില്ല.) |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,74,75,257 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,36,34,251 |
| വരവിനങ്ങളിലുള്ള നഷ്ടം | 7,446 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20562 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,29,125 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-3 | 7,446 | | ശ്രീ. എം.എ രാമൻകുട്ടി സെക്രട്ടറി |
| 3-1 (a) | - | 11,382 | ശ്രീമതി.കെ.ജി.ലാലി അസിസ്റ്റന്റ് എൻജിനീയർ |
| 3-1 (b) | - | 9,180 | |
| ആകെ | 7,446 | 20,562 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 121112 | ശ്രീമതി. കെ.ജി.ലാലി<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | 195000 | ഡോ.സറീന എസ് മെഡിക്കൽ ഓഫീസർ |
| 3-5 | 13013 | ശ്രീ.എം.എ.രാമൻകുട്ടി, സെക്രട്ടറി |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

.

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ജി.ലാലി അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ,വടക്കേക്കര ഗ്രാമപഞ്ചായത്ത് | കെ.ജി. ലാലി, മാനേപ്പറമ്പിൽ കോട്ടയിൽ കോവിലകം ചേന്ദമംഗലം പി.ഒ 683512 |
| ഡോ,സറീന എസ് മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ | കളിക്കൽ പറമ്പിൽ, ചേരാവള്ളി, കായംകുളം |
| ശ്രീ. എം.എ രാമൻകുട്ടി സെക്രട്ടറി | സെക്രട്ടറി കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | മങ്ങേലിൽ ഹൌസ്, മൂരിങ്ങൂർ പി.ഒ,ചാലക്കുടി. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ. (പി-5)-1919/07/11.02.2009 |
| 1996-97 | എൽ.എഫ്.ഇ.(പി-5)263/98/14.10.1998 |
| 1997-98 | എൽ.എഫ്.ഇ. (പി-5)1322/02/16.12.2002 |
| | |

| | |
|---|---|
| 1998-99 | എൽ.എഫ്.ഇ-(പി-5)980/03/20.12.2003 |
| 1999-00 to 2001-02 (പദ്ധതി ചെലവ് റിപ്പോർട്ട്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 1999-00 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2002-03 (ചെലവ്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2002-03 (വരവ്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2005-06 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2006-07 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2010-11, 2011-12 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2012-13, 2013-14 | എൽ.എഫ്.ഇ-(പി-11)176/15/16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി2)/877/ 16/06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി14)/2202/ 16/23.12.2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി13)/1880/ 17/05.10.17/25.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

.

# അനുബന്ധം - 1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടുങ്ങല്ലൂർ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. B- 17 ഷെഡ്യൂളിൽ നിലവിലില്ലാത്ത Special TSB അക്കൌണ്ടിൽ 4284/- രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.
4. പഞ്ചായത്ത് നൽകിയിട്ടുള്ളതും, 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ 'liability in respect of stale cheques'എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ